LIBRARY ARCHIVES Kerala Legislative Assembly

33. General Duty Assistant

34. Medical Equipment Technician

35. Micro irrigation Technician

36. Organic Grower

37. Ornamental Fish Technician

38. Shrimp Farmer

39. Small Poultry Farmer

40. Interior Landscaper

41. Tour Guide

42. Business Correspondent & Business Faciliator

43. Accounts Executive

44. Craft Baker

45. Office Operations Executive

46. Sales Associate

47. Domestic Data Entry Operator (PWD)

48. Self Employed Tailor (PWD)

(ഡി) സംസ്ഥാനത്ത് എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി നൽകിയിരുന്ന ശിപാർശകൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കായി മെയിന്റനൻസ് ഗ്രാന്റ്

138(2494) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾക്ക് എം.എൽ.എ./എം.പി. ഫണ്ട് മുഖേന സ്കൂൾ വാഹനങ്ങൾ നൽകിയത് സംബന്ധിച്ചുള്ള കണക്ക് ലഭ്യമാണോ; ഇക്കഴിഞ്ഞ 5 വർഷം ഇങ്ങനെ എത്ര സ്കൂളുകൾക്ക് സ്കൂൾ വാഹനങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾക്ക് ഇക്കഴിഞ്ഞ 5 വർഷ കാലയളവിൽ എം.എൽ.എ. ഫണ്ടിൽനിന്നും 72,58,71,507 രൂപ വിനിയോഗിച്ച് 553 സ്കൂളുകൾക്കും എം.പി. ഫണ്ടിൽനിന്നും 13,80,43,550 രൂപ വിനിയോഗിച്ച് 105 സ്കൂളുകൾക്കും വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ലോക്ഡൗൺ കാരണം വാഹനങ്ങൾ പുറത്തിറക്കാൻ കഴിയാതിരുന്നതുമൂലം പല സ്കൂൾ വാഹനങ്ങൾക്കും ഭീമമായ തുകയുടെ അറ്റകുറ്റപ്പണി നടത്തേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്കൂൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പല സ്കൂൾ വാഹനങ്ങളും പുറത്തിറക്കാനാവാത്തതിനാൽ അറ്റകുറ്റ പ്രവൃത്തികൾ അനിവാര്യമായ സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്കൂൾ പി.ടി.എ.-കളുടെ നാമമാത്ര ഫണ്ടിൽനിന്നും ഇത്തരം സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കായി ഫണ്ട് കണ്ടെത്താൻ കഴിയാത്ത ഗ്രാമീണ മേഖലയിലെ സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തെങ്കിലും പ്രത്യേക മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ ലഭ്യമാക്കുവാൻ നടപടി

139(2495) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊറോണ രോഗത്തിന്റെ തോത് കുറഞ്ഞുവരുന്ന മുറയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിനുവേണ്ടി വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കാണ് വാക്സിൻ നൽകി വരുന്നത്. സ്കൂൾ വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ നൽകുന്ന സമയമാകുമ്പോൾ ആരോഗ്യ മേഖലയുമായി സഹകരിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.